"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - എറണാകുളം ക്രൈം ബ്രാഞ്ച് യൂണിറ്റിലെ DYSP III-യുടെ കാര്യാലയത്തിൽ അന്വേഷണത്തിലുള്ള ക്രൈം കേസ് - ഡിഎൻഎ പരിശോധന നടത്തുന്നതിന്-തുക അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2020/2026/HOME തീയതി,തിരുവനന്തപുരം, 15-06-2026

---

പരാമർശം:- 1) 07.08.2017ലെ സ.ഉ.(പി)102/2017/ധന നമ്പർ ഉത്തരവ്.

2) സംസ്ഥാന പോലീസ് മേധാവിയുടെ 25.05.2026 തീയതിയിലെ എൻ4-66008/2026/പി.എച്ച്.ക്യൂ. നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ക്രൈം ബ്രാഞ്ച് യൂണിറ്റിലെ DYSP III-യുടെ കാര്യാലയത്തിൽ അന്വേഷണത്തിലിരിക്കുന്ന ക്രൈം. നം. 874/CB/EKM/R/2024-U/S 449, 302, 397, 201 IPC കേസുമായി ബന്ധപ്പെട്ട് 3 ഹെയർ സാമ്പിളുകളുടെ മൈറ്റോകോൺട്രിയൽ ഡി.എൻ.എ പരിശോധന രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ നടത്തുന്നതിനായി ഹെയർ സാമ്പിളിന് 12,000/- രൂപ നിരക്കിൽ ആകെ 36,000/-രൂപ 2055-00-101-99-00-34-03 Other Charges എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന പരാമർശിത കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവിയുടെ കത്തിൽ സൂചിപ്പിച്ചിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, എറണാകുളം ക്രൈം ബ്രാഞ്ച് യൂണിറ്റിലെ DYSP III-യുടെ കാര്യാലയത്തിൽ അന്വേഷണത്തിലിരിക്കുന്ന ക്രൈം. നം. 874/CB/EKM/R/2024-U/S 449, 302, 397, 201 IPC കേസുമായി ബന്ധപ്പെട്ട് 3 ഹെയർ സാമ്പിളുകളുടെ മൈറ്റോകോൺട്രിയൽ ഡി.എൻ.എ പരിശോധന രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ നടത്തുന്നതിനായി സാമ്പിളിന് 12,000/- രൂപ നിരക്കിൽ ആകെ 36,000/- രൂപ (മുപ്പത്തിയാറായിരം രൂപ മാത്രം) 2055-00-101-99-00-34-03 Other Charges എന്ന ശീർഷകത്തിലെ നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് മാത്യു
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

ഡയറക്ടർ, ഐ&പിആർഡി (വെബ് & ന്യൂ മീഡിയ).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Divya R S
Date: 15-06-2026 12:10:40

സെക്ഷൻ ഓഫീസർ